# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3006** — **07.02.2018-ന് മറുപടിയ്ക്ക്**

## <u>സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.രാജു എബ്രഹാം | <u>മറുപടി</u><br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ 1 സ്കൂൾ വീതം 10 കോടി രൂപ വരെ മുടക്കി ഹൈടെക്ക് ആക്കുന്ന പദ്ധതി ആദ്യഘട്ടമായി എത്ര നിയോജകമണ്ഡലങ്ങളിലാണ് നടപ്പാക്കുന്നത്; ഇവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് പൊതുവെ നടത്തിയിട്ടുണ്ട് എന്നറിയിക്കാമോ; | (എ) ആദ്യഘട്ടമായി പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഓരോ സ്കൂളുകൾക്ക് വീതം 141 സ്കൂളുകൾക്ക് ലഭ്യമാകുന്നതാണ്. പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിലെ ഏതു സ്കൂളുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും എത്ര രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നതെന്നും നിർമ്മാണചുമതല ആർക്കാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ? | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിൽ നിന്നും ഒരു സ്കൂൾ വീതം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിയിൽ റാന്നി നിയോജക മണ്ഡലത്തിലെ വെച്ചൂച്ചിറ കോളനി ഗവ.ഹയർ സെക്കന്ററി സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും അപ്രകാരം അഞ്ച് കോടി രൂപയുടെ കിഫ്ബി |

മുഖേനയുള്ള ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 2019-ൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ